**പതിമൂന്നാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :338 — 10.04.2013 ൽ മറുപടിക്ക്

ഗ്രാമവികസന പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ ടി. എൻ. പ്രതാപൻ<br>ശ്രീ സി. പി. മുഹമ്മദ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗ്രാമവികസന പദ്ധതികൾ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | (എ) | ഗ്രാമവികസന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ പദ്ധതികൾ രൂപവൽക്കരിക്കുകയും സാമ്പത്തിക വർഷത്തിന്റെ പ്രഥമമാസമായ ഏപ്രിലിൽ തന്നെ പദ്ധതികൾ നിർവ്വഹണം ആരംഭിക്കുന്നതിനുവേണ്ടി ദീർഘവീക്ഷണത്തോടെയുള്ള കർമ്മപരിപാടികൾ ഇതിനകം ആവിഷ്കരിച്ചിട്ടുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്ന് വിവിധ ഗ്രാമവികസന പരിപാടികൾക്ക് ലഭിക്കാനിടയുള്ള എല്ലാ ഫണ്ടുകളും ഗ്രാമവികസന പദ്ധതികളുടെ വിഭവസ്രോതസ്സായി ഉൾപ്പെടുത്തികൊണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബ്ലോക്കു പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്തൃവിഹിതം, സമാഹരിക്കാൻ കഴിയുന്ന വായ്പകൾ, സന്നദ്ധസേവനം മറ്റു സ്രോതസ്സുകളിലൂടെ സമാഹരിക്കാൻ കഴിയുന്ന ഫണ്ടുകൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തി സമയബന്ധിതമായി പദ്ധതികൾ രൂപീകരിക്കുകയും നിർവ്വഹണം നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.പദ്ധതികൾ സുതാര്യവും നീതിയുക്തവുമാണോയെന്നും യഥാസമയം നടക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിനായി താഴെ തട്ടുമുതൽ മുകൾ തട്ടുവരെ മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) 12-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് ഈ മേഖലയ്ക്ക് എത്ര മാത്രം പ്രാധാന്യം നൽകിയിട്ടുണ്ട്; | (ബി) | 12-ാം പഞ്ചവത്സരപദ്ധതി കാലത്ത് ഗ്രാമീണ ജനതയുടെ ജീവിത ഗുണനിലവാരം ഉയർത്തുന്നതിനു വേണ്ട അടിസ്ഥാന സൗകര്യവികസനത്തിന് ഊന്നൽ നൽകികൊണ്ടുള്ള വികസന തന്ത്രമാണ് ആവിഷ്കരിച്ചിട്ടുള്ളത്. എല്ലാവർക്കും വീട്, എല്ലാവർക്കും കുടിവെള്ളം, എല്ലാവർക്കും വൈദ്യുതി, |

മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ, ശുചിത്വമുള്ള പരിസരം എന്നിവക്ക് പ്രത്യേക പരിഗണന നൽകി കൊണ്ടുള്ള വികസനം ലക്ഷ്യമിടുന്നു. ഗ്രാമീണജനങ്ങൾക്ക് സാമൂഹ്യ നീതി ഉറപ്പ് വരുത്തുന്നതിന് സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരായ സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, പട്ടികജാതി- പട്ടിക വർഗ്ഗക്കാർ എന്നിവരുടെ സമഗ്രമായ വികസനത്തിന് ഗ്രാമവികസന മേഖലയിൽ പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്. പദ്ധതി പണം യഥാർത്ഥ ഗുണഭോക്താക്കളിലാണ് എത്തിച്ചേരുന്നത് എന്നുറപ്പു വരുത്തുന്നതിനായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് ഇപ്പോൾ സഹായ ധനങ്ങൾ നൽകിവരുന്നത്.

(സി) ഗ്രാമവികസന പദ്ധതികളുടേയും കേന്ദ്രസഹായ പദ്ധതികളുടേയും നടത്തിപ്പിനായി ഫലപ്രദമായ നടപടി സ്വീകരിക്കുമോ;

(സി) സ്വീകരിക്കുന്നതാണ്

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(ഡി) ഗ്രാമവികസന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ പദ്ധതികൾ രൂപവൽക്കരിക്കുകയും സാമ്പത്തിക വർഷത്തിന്റെ പ്രഥമമാസമായ ഏപ്രിലിൽ തന്നെ പദ്ധതികൾ നിർവ്വഹണം ആരംഭിക്കുന്നതിനുവേണ്ടി ദീർഘവീക്ഷണത്തോടെയുള്ള കർമ്മപരിപാടികൾ ഇതിനകം ആവിഷ്കരിച്ചിട്ടുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്ന് വിവിധ ഗ്രാമവികസന പരിപാടികൾക്ക് ലഭിക്കാനിടയുള്ള എല്ലാ ഫണ്ടുകളും ഗ്രാമവികസന പദ്ധതികളുടെ വിഭവസ്രോതസ്സായി ഉൾപ്പെടുത്തികൊണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബ്ലോക്കു പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്തൃവിഹിതം, സമാഹരിക്കാൻ കഴിയുന്ന വായ്പകൾ, സന്നദ്ധസേവനം മറ്റു സ്രോതസ്സുകളിലൂടെ സമാഹരിക്കാൻ കഴിയുന്ന ഫണ്ടുകൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തി സമയബന്ധിതമായി പദ്ധതികൾ രൂപീകരിക്കുകയും നിർവ്വഹണം നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.പദ്ധതികൾ സുതാര്യവും നീതിയുക്തവുമാണോയെന്നും യഥാസമയം നടക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിനായി താഴെ തട്ടുമുതൽ മുകൾ തട്ടുവരെ മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

12-ാം പഞ്ചവത്സരപദ്ധതി കാലത്ത് ഗ്രാമീണ ജനതയുടെ ജീവിത ഗുണനിലവാരം ഉയർത്തുന്നതിനു

വേണ്ട അടിസ്ഥാന സൗകര്യവികസനത്തിന് ഊന്നൽ നൽകികൊണ്ടുള്ള വികസന തന്ത്രമാണ് ആവിഷ്കരിച്ചിട്ടുള്ളത്. എല്ലാവർക്കും വീട്, എല്ലാ വർക്കും കുടിവെള്ളം, എല്ലാവർക്കും വൈദ്യുതി, മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ, ശുചിത്വമുള്ള പരിസരം എന്നിവക്ക് പ്രത്യേക പരിഗണ നൽകി കൊണ്ടുള്ള വികസനം ലക്ഷ്യമിടുന്നു. ഗ്രാമീണജനങ്ങൾക്ക് സാമൂഹ്യ നീതി ഉറപ്പ് വരു ത്തുന്നതിന് സമൂഹത്തിലെ പാർശ്വവൽക്കരിക്ക പ്പെട്ടവരായ സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, പട്ടികജാതി- പട്ടിക വർഗ്ഗക്കാർ എന്നിവരുടെ സമഗ്രമായ വികസന ത്തിന് ഗ്രാമവികസന മേഖലയിൽ പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്. പദ്ധതി പണം യഥാർത്ഥ ഗുണഭോക്താക്കളിലാണ് എത്തിച്ചേരുന്നത് എന്നു റപ്പു വരുത്തുന്നതിനായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് ഇപ്പോൾ സഹായ ധനങ്ങൾ നൽകിവരുന്നത്.

സെക്ഷൻ ഓഫീസർ